**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5236** **21-07-2022 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിൽ ആക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിനായി, കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ മുൻ എം.എൽ.എ.മാരുടെയും നിലവിലെ എം.എൽ.എ.യുടെയും ഫണ്ട് ഉപയോഗിച്ച്, കുത്തുപറമ്പ് വലിയവെളിച്ചത്ത് സ്വന്തം കെട്ടിടം നിർമ്മിച്ചുവെങ്കിലും, കോളേജിന്റെ പ്രവർത്തനം അവിടേക്ക് മാറ്റാനുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | **കുത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിനായി ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഇതുവരെ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഐ.എച്ച്.ആർ.ഡി.യ്ക്ക് ഇല്ല എന്ന കാരണത്താലാണിത്. കെട്ടിട നമ്പർ ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ പൂർത്തീകരിച്ച കെട്ടിടങ്ങളിലേക്ക് ഇതേവരെ കോളേജ് മാറ്റാൻ കഴിഞ്ഞിട്ടില്ല.**<br><br>**2011 ലെ സർക്കാർ ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി.യ്ക്ക് അനുവദിച്ച 15.83 ഏക്കർ ഭൂമിയിലാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. സർക്കാർ ഭൂമി ആയതിനാൽ പാട്ടക്കരാർ മതിയാകുമെന്നതിനാൽ അതിനു വേണ്ടിയുള്ള അപേക്ഷ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിരുന്നുവെങ്കിലും പാട്ടക്കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരുന്നില്ല. 5 ഏക്കർ ഭൂമി ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുവാനുള്ള നടപടികൾ പുരോഗമിക്കവേ, ഐ.എച്ച്.ആർ.ഡി.യ്ക്ക് ആദ്യം ഭൂമി അനുവദിച്ച സർക്കാർ ഉത്തരവിനെതിരെ ഒരു സ്വകാര്യവ്യക്തി ബഹു.ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിൽ ബഹു. ഹൈക്കോടതി 14.09.2021-ലെ ഉത്തരവിലൂടെ തൽസ്ഥിതി തുടരുവാൻ ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ കോളേജിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുവാൻ സാധിച്ചില്ല. തുടർന്ന്, 12.07.2022-ലെ ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുക എന്നത് ഐ.എച്ച്.ആർ.ഡി.യ്ക്ക് ഭൂമി അനുവദിക്കുന്നതിന്** |

| | | | |
|---|---|---|---|
| | | | **തടസ്സമാകുകയില്ല എന്ന് ബഹു.കോടതി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിനായി 5 ഏക്കർ ഭൂമി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.** |
| (ബി) | പ്രസ്തുത കെട്ടിടം സാമൂഹ്യവിരുദ്ധർ കയ്യേറുന്നത് ഒഴിവാക്കുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | **ഐ.എച്ച്.ആർ.ഡി.യുടെ പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് കോളേജിന് ചുറ്റുമതിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ